**മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വിഷയങ്ങളില് ഇന്ത്യ- ശ്രീലങ്ക സംയുക്ത കമ്മിറ്റി നടത്തിയ സംയുക്ത പത്ര കുറിപ്പ്**

ഓഗസ്റ്റ് 29, 2014

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വിഷയങ്ങളില് ഇന്ത്യ- ശ്രീലങ്ക സംയുക്ത കമ്മിറ്റിയുടെ ആദ്യ യോഗം ന്യൂഡെല്ഹിയില് ഓഗസ്റ്റ് 29, 2014 നു നടന്നു. ഇന്ത്യയുടെ പ്രതിനിധികളെ , ഡോ. രാജശേഖര് വുണ്ട്രു , ജോയിന്റ് സെക്രട്ടറി (മൃഗസംരക്ഷണം, ക്ഷീരവികസനം , മത്സ്യബന്ധന വകുപ്പ് ) നയിച്ചു. ശ്രീലങ്കയുടെ പ്രതിനിധികളെ ശ്രീ നിമല് ഹെട്ടിയാരച്ചി , മത്സ്യബന്ധനം & സമുദ്രോത്പന്ന ഡയറക്ടര് ജനറല് നയിച്ചു.
മത്സ്യബന്ധനരംഗത്ത് ഉഭയകക്ഷി സഹകരണത്തിനുള്ള സാധ്യതകളെ സംയുക്ത കമ്മിറ്റി പരിശോധിച്ചു. ഇരു വശവും , അവരവരുടെ ശാസ്ത്രീയ സ്ഥാപനങ്ങളില് ഗവേഷണം, വികസനം, കാര്യക്ഷമതാ നിര്മ്മാണം എന്നിവയില് സംയുക്ത സാധ്യതകള് പരിശോധിക്കാമെന്നു തീരുമാനിച്ചു. നിലവില് ഇരു ഭാഗങ്ങളിലും മറു വശങ്ങളിലെ മത്സ്യബന്ധന തൊഴിലാളികള് കസ്റ്റഡിയില് ഇല്ലെന്നു സംയുക്ത കമ്മിറ്റി കണ്ടെത്തി. മത്സ്യബന്ധനത്തിലെ സംയുക്ത സംരംഭ സാധ്യതകളും ഇരു വശവും ചര്ച്ച ചെയ്തു.

സംയുക്ത കമ്മിറ്റി സംവിധാനത്തിന് കീഴില് , മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വിഷയങ്ങളില് ഉഭയകക്ഷി ചര്ച്ച പ്രക്രിയയുടെ വേഗത നിലനിര്ത്തണം എന്നത് ഇരു വശവും അംഗീകരിച്ചു. സംയുക്ത കമ്മിറ്റിയുടെ അടുത്ത ചര്ച്ചകള് കൊളംബോയില് , സൌകര്യപ്രദമായ തീയതിയില് , പരസ്പരം ആലോചിച്ചു തീരുമാനിക്കാമെന്നും ഇരു വിഭാഗവും തീരുമാനിച്ചു.